I/117977/2023

" ഭരണഭാഷ-മാതൃഭാഷ"

നം. DWCD/4842/2023-PC3

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം
തീയതി. 27-09-2023
e-mail-wcdplancell@gmail.com
ഫോൺനമ്പർ.0471-2346534

<u>പരിപത്രം</u>

വിഷയം: വനിത ശിശുവികസന വകുപ്പ്- തന്റെയിടം ഭവന നിർമ്മാണ പദ്ധതി - 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന: 1) ഭവന നിർമ്മാണ വകുപ്പിന്റെ 01/07/2023 ലെ സഉ(സാധാ) 52/2023/HSG നമ്പർ ഉത്തരവ്.

2) GO(RT) 122/2023/WCDD തിയതി 01/03/2023

സർക്കാർ നേരിട്ടോ/സർക്കാർ സാമ്പത്തിക സഹായത്തോടെയോ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിൽ താമസിക്കുന്ന ഭവനരഹിതരായ കുട്ടികൾക്ക് 18 വയസ്സ തികഞ്ഞ് ഈ സ്ഥാപനങ്ങളിൽ നിന്ന് പുറത്ത് പോകേണ്ടി വരുമ്പോൾ വീട്ട നൽകുക എന്നതാണ് തന്റെയിടം പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഈ പദ്ധതി 2022-23 സാമ്പത്തിക വർഷം മുതൽ നടപ്പാക്കി വരുന്നു. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി സഹകരിച്ചാണ് വനിതാ ശിശുവികസന വകുപ്പ് പദ്ധതി നടപ്പാക്കുന്നത്.

സൂചന(1) പ്രകാരം നടപ്പ സാമ്പത്തിക വർഷവും പദ്ധതി നടപ്പിലാക്കുന്നതിന് ഭവന നിർമ്മാണ വകുപ്പിൽ നിന്നും ഭരണാനുമതി ഉത്തരവായിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ആൺകുട്ടികളേയും പെൺകുട്ടികളേയും പദ്ധതിയിലുൾപ്പെടുത്തുന്നതാണ്.

വകുപ്പിന്റെ ക്ഷേമ സ്ഥാപനങ്ങളിൽ വളർന്നു വന്നതും 18 വയസ്സ് കഴിഞ്ഞ് സ്വന്തമായി ഒരു വരുമാന മാർഗ്ഗമുള്ളതും നിലവിൽ വകുപ്പിന്റെ ക്ഷേമ സ്ഥാപനങ്ങളിൽ തന്നെ തുടരുന്നതോ വകുപ്പിന്റെ മേൽ നോട്ടത്തിൽ തന്നെ ഹോസ്റ്റലുകളിലോ മറ്റോ തുടരുന്നതുമായ സ്വന്തമായി ഭൂസ്വത്തില്ലാത്ത അനാഥരായ വ്യക്തികളാണ് 'തന്റെയിടം' പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇത്തരത്തിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ JJ Act പ്രകാരം 'അനാഥർ' എന്ന നിർവ്വചനത്തിൽപ്പെടുന്നവർക്കാണ് പ്രഥമ പരിഗണന നൽകുന്നത്. പോക്സോ കേസിൽ ഉൾപ്പെട്ട സ്വന്തമായി ഭൂസ്വത്തില്ലാത്തവരെയും സ്വന്തം ഭവനത്തിലേയ്ക്ക് തിരികെ പോകാൻ സാഹചര്യമില്ലാതെ സ്ഥാപനങ്ങളിൽ തന്നെ കഴിയേണ്ടി വരുന്നവരേയും മാതാപിതാക്കളിലാരെങ്കിലും മറ്റ ക്ഷേമസ്ഥാപനങ്ങളിൽ കഴിയുന്നതോ ആയവരെയും പരിഗണിക്കുന്നതാണ്.

പദ്ധതി ആനുകൂല്യത്തിനായി ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ കണ്ടെത്തുന്നതിന് ജില്ലാതല- സംസ്ഥാനതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും തന്റെയിടം പദ്ധതിക്കായുള്ള ഗുണഭോക്താക്കളെ ബന്ധപ്പെട്ട ചിൽഡ്രൻസ് ഹോം, ആഫ്റ്റർ കെയർ ഹോം, മഹിളാ മന്ദിരം എന്നിവിടങ്ങളിലെ സ്ഥാപന മേധാവികൾ കണ്ടെത്തി വ്യക്തവും പൂർണവുമായ അപേക്ഷ

സഹിതം അതാത് ജില്ലാ ഓഫീസർമാർക്ക് ശുപാർശ ചെയ്യേണ്ടതാണ്. ജില്ലാ കളക്ടർ, DWCDO, WPO, DCPO, DLSA Member എന്നിവർ ഉൾപ്പെട്ട ജില്ലാതല സമിതി ഓരോ ജില്ലകളിൽ നിന്നും ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ വിശകലനം ചെയ്ത് മതിയായ അന്വേഷണം നടത്തി സംസ്ഥാനതല കമ്മിറ്റിക്ക് ശുപാർശ ചെയ്യേണ്ടതാണ്. തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് നടപ്പ വർഷം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഫ്ലാറ്റുകൾ സജ്ജമാക്കുന്നത്. ആയതിനാൽ ഗുണഭോക്താവ് ഏത് ജില്ലയിലുള്ള വീടിനാണ് മുൻഗണന നൽകുന്നതെന്ന വിവരം അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്.

പദ്ധതി സംബന്ധിച്ച മാർഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും ഉൾക്കൊള്ളിച്ച് സൂചന (2) പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് പ്രകാരം എല്ലാ ജില്ലാ വനിതാശിശു വികസന ഓഫീസർമാരും അതാത് ജില്ലയിൽ നിന്നും തന്റെയിടം പദ്ധതിക്കായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതും ജില്ലാതല കമ്മിറ്റി കൂടി ഒരു മാസത്തിനകം ഗുണഭോക്താക്കളെ ശുപാർശ ചെയ്യേണ്ടതുമാണ്.

വിശ്വസ്തതയോടെ
വനിത ശിശുവികസന ഡയറക്ടർ

എല്ലാ ജില്ലാ വനിതാശിശു വികസന ഓഫീസർമാർക്കും

എല്ലാ ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്കും ( ജില്ലാ വനിതാശിശു വികസന ഓഫീസർമാർ മുഖേന)

**Signed by Priyanka G**
**Date: 27-09-2023 20:12:11**

G.O.(Rt)No.122/2023/WCDD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - തന്റെയിടം പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരായവരെ തെരഞ്ഞെടുക്കുന്നതിനായി ജില്ലാതല സമിതി, സംസ്ഥാന തല സമിതി എന്നിവ രൂപീകരിച്ചുകൊണ്ടും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പദ്ധതി സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ, മാനദണ്ഡങ്ങൾ, അപേക്ഷ ഫോറം, സാക്ഷ്യ പത്രങ്ങൾ, എന്നിവ അംഗീകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

വനിത ശിശു വികസന (സി) വകുപ്പ്

G.O.(Rt)No.122/2023/WCDD തീയതി,തിരുവനന്തപുരം, 01-03-2023

പരാമർശം:-
1. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 29.07.2022 ലെ ഡിഡബ്ല്യുസിഡി/1970/2022-പിസി 3 നമ്പർ കത്ത്
2. 09/12/2022 ലെ സ.ഉ(ആർ.ടി) നമ്പർ 95/2022/എച്ച് എസ് ജി നമ്പർ ഉത്തരവ്

**ഉത്തരവ്**

സർക്കാർ നേരിട്ടോ സർക്കാർ സാമ്പത്തിക സഹായത്തോടെയോ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിൽ താമസിക്കുന്ന ഭവനരഹിതരായ കുട്ടികൾക്ക് 18 വയസ് തികഞ്ഞ് ഈ സ്ഥാപനങ്ങളിൽ നിന്ന് പുറത്ത് പോകേണ്ടി വരുമ്പോൾ വീടു നൽകുക എന്ന ഉദ്ദേശത്തോടെ വനിത ശിശു വികസന വകുപ്പ് കേരള സംസ്ഥാന ഭവന ബോർഡുമായി സഹകരിച്ച നടപ്പാക്കുന്ന പദ്ധതിയാണ് "തന്റെയിടം". ടി പദ്ധതിയ്ക്ക് പരാമർശം 2 പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

2) വനിത ശിശു വികസന വകുപ്പിന്റെ ക്ഷേമ സ്ഥാപനങ്ങളിൽ വളർന്നു വന്നതും 18 വയസ്സ് കഴിഞ്ഞ് സ്വന്തമായി ഒരു വരുമാന മാർഗ്ഗമുള്ളതും നിലവിൽ വകുപ്പിന്റെ ക്ഷേമ സ്ഥാപനങ്ങളിൽ തന്നെ തുടരുന്നതോ വകുപ്പിന്റെ മേൽ നോട്ടത്തിൽ തന്നെ ഹോസ്റ്റലുകളിലോ മറ്റോ തുടരുന്നതുമായ സ്വന്തമായി ഭൂസ്വത്തില്ലാത്ത അനാഥരായ വ്യക്തികളാണ് 'തന്റെയിടം പദ്ധതിയുടെ ഗുണഭോക്താക്കൾ. പദ്ധതി ആനുകൂല്യം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ, വിശദമായ മാനദണ്ഡങ്ങൾ , പദ്ധതി ആനുകൂല്യത്തിനായി അപേക്ഷിക്കുന്നതിനായുള്ള അപേക്ഷ ഫോറം, അപേക്ഷകൻ/അപേക്ഷക വകുപ്പിന്റെ ക്ഷേമ സ്ഥാപനത്തിലെ

അന്തേവാസിയാണ് എന്നുള്ള സ്ഥാപന സൂപ്രണ്ടിന്റെ സാക്ഷ്യപത്രം, അപേക്ഷകൻ/അപേക്ഷകയ്ക്ക് സ്വന്തമായി ഭൂമിയില്ലായെന്ന് കാണിക്കുന്ന സെൽഫ് ഡിക്ലറേഷൻ, അപേക്ഷകൻ/അപേക്ഷകയ്ക്ക് ജോലിയുണ്ട് എന്ന് കാണിക്കുന്ന തൊഴിലുടമയുടെ സാക്ഷ്യപത്രം എന്നിവ അംഗീകരിച്ച് നല്കുന്നതിനായും അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ കണ്ടെത്തുന്നതിന് ജില്ലാതല - സംസ്ഥാന തല കമ്മിറ്റികൾ രൂപീകരിക്കുന്നതിനായുമുള്ള പ്രപ്പോസൽ വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിന് സമർപ്പിച്ചിരുന്നു.

3) സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. പദ്ധതി ആനുകൂല്യത്തിനായി ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ കണ്ടെത്തുന്നതിനുള്ള ജില്ലാതല-സംസ്ഥാനതല സമിതികൾ താഴെ പറയും പ്രകാരം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

<u>ജില്ലാതല സമിതി</u>

ജില്ലാ കളക്ടർ,

ജില്ലാ വനിതാ ശിശുവികസന ഓഫീസർ,

വുമൺ പ്രൊട്ടെക്ഷൻ ഓഫീസർ,

ശിശു സംരക്ഷണ ഓഫീസർ,

ഡിസ്ട്രിക്ട് ലീഗൽ സർവീസ് അതോറിറ്റി അംഗം

<u>സംസ്ഥാനതല സമിതി</u>

വനിതാ ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

വനിതാ ശിശുവികസന ഡയറക്ടർ

ഹൗസിംഗ് ഡിപ്പാർട്ട്മെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

ഹൗസിംഗ് കമ്മീഷണർ

ഭവന നിർമ്മാണ ബോർഡ് പ്രതിനിധി

4) പദ്ധതി സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ, മാനദണ്ഡങ്ങൾ , പദ്ധതി ആനുകൂല്യത്തിനായി അപേക്ഷിക്കുന്നതിനായുള്ള അപേക്ഷ ഫോറം, അപേക്ഷകൻ/അപേക്ഷക വകുപ്പിന്റെ ക്ഷേമ സ്ഥാപനത്തിലെ അന്തേവാസിയാണ് എന്ന് തെളിയിക്കുന്ന സ്ഥാപന സൂപ്രണ്ടിന്റെ സാക്ഷ്യപത്രം, അപേക്ഷകൻ/അപേക്ഷകയ്ക്ക് സ്വന്തമായി ഭൂമിയില്ലായെന്ന് കാണിക്കുന്ന സെൽഫ് ഡിക്ലറേഷൻ, അപേക്ഷകൻ/അപേക്ഷകയ്ക്ക് ജോലിയുണ്ട് എന്ന് കാണിക്കുന്ന തൊഴിലുടമയുടെ സാക്ഷ്യപത്രം എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

5) മാനദണ്ഡപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ അർഹരായവരെ ചിൽഡ്രൻസ് ഹോം , ആഫ്റ്റർ കെയർ ഹോം, മഹിളാ മന്ദിരം എന്നിവിടങ്ങളിലെ സ്ഥാപന മേധാവികൾ കണ്ടെത്തി അതാത് ജില്ലാ ഓഫീസർമാർക്ക് ശുപാർശ ചെയ്യേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ ജില്ലാതല കമ്മിറ്റി വിശകലനം ചെയ്ത് മതിയായ അന്വേഷണം നടത്തി സംസ്ഥാനതല കമ്മിറ്റിക്ക് ശുപാർശ ചെയ്യേണ്ടതാണ്. സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SANTHOSH KUMAR T K
ADDITIONAL SECRETARY

പകർപ്പ്
1)ഡയറക്ടർ, വനിത ശിശുവികസന വകുപ്പ്
2)എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ
3)ഭവന നിർമ്മാണ വകുപ്പ്
4) പ്ലാനിംഗ് ബോർഡ്.
5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ജി &എസ് എസ് എ/ എ&ഇ), കേരളം
6)വെബ് & ന്യൂ മീഡിയ
7)ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ
8) വനിത ശിശു വികസന വകുപ്പ് മന്ത്രിയുടെ പിഎസ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

5633329/2023

അനുബന്ധം. 1

## മാർഗ്ഗ നിർദ്ദേശങ്ങൾ

സർക്കാർ നേരിട്ടോ /സർക്കാർ സാമ്പത്തിക സഹായത്തോടെയോ പ്രവർത്തിക്കുന്ന വനിതശിശു വികസന വകുപ്പിന്റെ ക്ഷേമ സ്ഥാപനങ്ങളിൽ വളർന്നു വന്നതും 18 വയസ്സ് കഴിഞ്ഞ് സ്വന്തമായി ഒരു വരുമാന മാർഗ്ഗമുള്ളതും നിലവിൽ വകുപ്പിന്റെ ക്ഷേമ സ്ഥാപനങ്ങളിൽ തന്നെ തുടരുന്നതോ വകുപ്പിന്റെ മേൽ നോട്ടത്തിൽ തന്നെ ഹോസ്റ്റലുകളിലോ മറ്റോ തുടരുന്നതുമായ സ്വന്തമായി ഭൂസ്വത്തില്ലാത്ത അനാഥരായ വ്യക്തികളാണ് 'തന്റെയിടം' പദ്ധതിയുടെ ഗുണഭോക്താക്കൾ. ഇത്തരത്തിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ J.J Act പ്രകാരം 'അനാഥർ' എന്ന നിർവ്വചനത്തിൽപ്പെടുന്നവർക്കാണ് പ്രഥമ പരിഗണന നൽകുന്നത്. പോക്സോ അതിജീവിതരെയും സ്വന്തമായി ഭൂസ്വത്തില്ലാത്തവരെയും, സ്വന്തം ഭവനത്തിലേയ്ക്ക് തിരികെ പോകാൻ സാഹചര്യമില്ലാതെ സ്ഥാപനങ്ങളിൽ തന്നെ കഴിയേണ്ടി വരുന്നവരേയും മാതാപിതാക്കളിലാരെങ്കിലും മറ്റു ക്ഷേമസ്ഥാപനങ്ങളിൽ കഴിയുന്നതോ ആയവരെയും പരിഗണിക്കുന്നതാണ്.

ഇത്തരത്തിലുള്ള ഗുണഭോക്താക്കളെ ചിൽഡ്രൻസ് ഹോം ,ആഫ്റ്റർ കെയർ ഹോം. , മഹിളാ മന്ദിരം എന്നിവിടങ്ങളിലെ സ്ഥാപന മേധാവികൾ കണ്ടെത്തി അതാതു ജില്ലാ ഓഫീസർമാർക്ക് ശുപാർശ ചെയ്യേണ്ടതാണ്. ജില്ലാതല സമിതികൾ ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ വിശകലനം ചെയ്ത് മതിയായ അന്വേഷണം നടത്തി സംസ്ഥാനതല സമിതിയ്ക്ക് ശുപാർശ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ ജില്ലകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് സംസ്ഥാനതല സമിതി അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതാണ്. സംസ്ഥാനതല സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

നിലവിൽ ഹൗസിംഗ് ബോർഡ് ഫ്ലാറ്റുകൾ/വീടുകൾ എന്നിവ സജ്ജമാക്കുന്നത് തിരുവനന്തപുരം, കണ്ണൂർ, തൃശ്ശൂർ, കോഴിക്കോട്, വയനാട്, പാലക്കാട് എന്നീ ജില്ലകളിലാണ്. ആയതിനാൽ ഗുണഭോക്താവ് ഏത് ജില്ലയിലുള്ള വീടിനാണ് മുൻഗണന നൽകുന്നതെന്ന വിവരം അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഇങ്ങനെ ലഭിക്കുന്ന വീടുകൾ പൂർണ്ണമായും ഗുണഭോക്താവിന്റെ അവകാശത്തിൽപ്പെട്ടതായിരിക്കും. എന്നാൽ വീടുകൾ വിൽക്കുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ സാധിക്കുകയില്ല. ഭാവിയിൽ ഗുണഭോക്താവിന്റെ കാലശേഷം അവകാശികളായി ഭാര്യ/ ഭർത്താവ് ,കുട്ടികൾ എന്നിവരിലാരെങ്കിലും ഇല്ലാത്ത പക്ഷം പ്രസ്തുത ഭവനം തിരികെ സർക്കാരിലേയ്ക്ക് വന്നു ചേരുന്നതും ആയതിന് അർഹരായ മറ്റൊരു ഗുണഭോക്താവിനെ കണ്ടെത്തുന്നതുമായിരിക്കും.

അനുബന്ധം 2

<u>മാനദണ്ഡങ്ങൾ</u>

'തന്റെയിടം' പദ്ധതിയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ചുവടെ പറയുന്ന മാനദണ്ഡങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

1. 2016 ലെ J.J Act 2(42) ൽ നിർവചിക്കുന്ന പ്രകാരം അനാഥരായിരിക്കണം.

2. സ്വന്തമായി വരുമാനമാർഗ്ഗമുണ്ടായിരിക്കുകയും സ്വന്തം നിലയിൽ താമസിക്കാനുള്ള ക്ഷമതയുണ്ടായിരിക്കുകയും വേണം.

3. സ്വന്തമായോ പൈതൃകമായോ ഭൂസ്വത്തുണ്ടാവരുത്.

4 . സ്വന്തമായി വരുമാനമില്ലാത്തതും ഭൂസ്വത്തില്ലാത്തതുമായ പോക്സോ അതിജീവിതരെയും മാതാപിതാക്കൾ / സഹോദരങ്ങൾ ഇതര ക്ഷേമ സ്ഥാപനങ്ങളിൽ താമസിക്കുന്നതും മറ്റു ബന്ധുക്കളില്ലാത്തവരുമായവരെയും സ്വന്തം ഭവനത്തിലേയ്ക്ക് തിരികെ പോകാൻ സാഹചര്യമില്ലാതെ സ്ഥാപനങ്ങളിൽ തന്നെ കഴിയേണ്ടി വരുന്നവരേയും, പരിഗണിക്കേണ്ടതാണ്.

5. ദീർഘകാലം വകുപ്പിന്റെ ക്ഷേമ സ്ഥാപനങ്ങളിൽ താമസിച്ചു വരുന്നവർക്ക് മുൻഗണന നൽകേണ്ടതാണ്.

6. വകുപ്പിന്റെ സ്ഥാപനങ്ങളിൽ താമസിച്ചുവന്നതിന് സ്ഥാപന മേധാവിയും, ജോലി സംബന്ധിച്ച വിവരങ്ങൾക്ക് തൊഴിലുടമയും, ഭൂസ്വത്തില്ലാത്തതിനും അനാഥനാണെന്നുള്ളതിനും ഗുണഭോക്താവും സാക്ഷ്യപത്രം നൽകേണ്ടതാണ്.

അനുബന്ധം 3

**കേരള സർക്കാർ**

വനിത ശിശു വികസന വകുപ്പ്

'തന്റെയിടം'

<u>അപേക്ഷ ഫോറം</u>

I. അപേക്ഷകരുടെ വിവരങ്ങൾ

1. പേര്
2. ജനന തീയതി/വയസ്സ്
3. നിലവിലെ മേൽ വിലാസം
4. ആൺ/പെൺ
5. വിദ്യാഭ്യാസ യോഗ്യത
6. തൊഴിൽ :
7. വിശദാംശങ്ങൾ

II. സ്ഥാപനത്തിൽ താമസമാക്കിയത് സംബന്ധിച്ച്

1. നിലവിൽ താമസിക്കുന്ന സ്ഥാപനത്തിന്റെ പേര്, മേൽവിലാസം
2. സ്ഥാപനത്തിൽ എത്തുന്നതിന് മുൻപ് ആരുടെ സംരക്ഷണത്തിലായിരുന്നു
3. സ്ഥാപനത്തിൽ എത്തിയ ഉത്തരവ് നമ്പർ /തീയതി
4. ഈ സ്ഥാപനത്തിൽ എത്തിയ തീയതി/കാലയളവ്
5. ഇതിനു മുൻപ് താമസിച്ചിരുന്ന സ്ഥലം /സ്ഥാപനം/കാലയളവ്
6. സ്ഥാപനത്തിൽ എത്തിച്ചേരുവാൻ ഇടയായ കാരണം
7. രക്ഷകർത്താവ്/മാതാപിതാക്കൾ/ബന്ധുക്കൾ സംബന്ധിച്ച വിവരങ്ങൾ
8. നിലവിൽ ഉള്ള സ്വത്തു വിവരങ്ങൾ
9. ഇപ്പോഴത്തെ തൊഴിൽ മേഖല/വരുമാനം

10. സ്ഥിരതാമസമാക്കുവാനുദ്ദേശിക്കുന്ന ജില്ല/ജില്ലകൾ

11. അപേക്ഷകൻ ഏതെങ്കിലും ക്രിമിനൽ കേസിൽ ഉൾപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ കേസിന്റെ വിവരങ്ങൾ

എന്റെ അറിവിലും, വിശ്വാസത്തിലും മേൽപ്പറഞ്ഞിരിക്കുന്ന വിവരങ്ങൾ സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

തീയതി : 
സ്ഥലം:

അപേക്ഷകന്റെ പേര്
ഒപ്പ്

5633301/2023

അനുബന്ധം 4

<u>സാക്ഷ്യപത്രം 1</u>

.................................. എന്ന വ്യക്തി ..............................സ്ഥാപനത്തിൽ .......................... തീയതി മുതൽ താമസിച്ചു വരുന്നതും, മാതാപിതാക്കളോ, ബന്ധുക്കളോ, ഉറ്റവരോ ആരും ഇല്ലാത്തതാണെന്നും ടിയാൾ സ്ഥാപനത്തിൽ........................വർഷം താമസിക്കുകയും ......................... വിദ്യാഭ്യാസം പൂർത്തിയാക്കിയതാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം

ഒപ്പ്

തീയതി

പേര്

സ്ഥാപന സൂപ്രണ്ട്

633298/2023

**അനുബന്ധം 5**

## സാക്ഷ്യപത്രം 2

എന്റെയോ മാതാപിതാക്കളുടെയോ അനന്തരവകാശികളുടെയോ പേരിൽ എനിക്ക് അവകാശപ്പെട്ടതായി ഭൂമിയില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകന്റെ ഒപ്പ്

സ്ഥലം

പേര്

തീയതി

633295/2023

അനുബന്ധം 6

<u>സാക്ഷ്യപത്രം 3</u>

.......................... എന്ന വ്യക്തി എന്റെ സ്ഥാപനത്തിൽ .......................... തീയതി മുതൽ .......................... തസ്തികയിൽ .......................... രൂപ ശമ്പളത്തിനു ജോലി ചെയ്ത് വരുന്നതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം

ഒപ്പ്

തീയതി

തൊഴിലുടമയുടെ പേര്

വിലാസം